# വലവേലിക്കെട്ടിൽ മത്സ്യം വളർത്തൽ

മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? എന്താണ് പെൻകൾചർ മത്സ്യക്കൃഷി. ഇത് എപ്പോൾ, എങ്ങനെ ചെയ്യാം. ഏതൊക്കെ മത്സ്യങ്ങളെ ഈ രീതിയിൽ വളർത്താം. എന്തെല്ലാം പ്രശ്നങ്ങൾ വരാം. അവ എങ്ങനെ തരണം ചെയ്യാം.*

● പൊതുജലാശയങ്ങളിൽ, വിശേഷിച്ച് കായലുകളിൽ, 4 വശങ്ങളിലും വല കൊണ്ടു വേലിയുണ്ടാക്കിത്തിരിച്ച് അതിനുള്ളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് തീറ്റ നൽകി വളർത്തുന്ന രീതിയാണ് പെൻ കൾചർ. ആഴം കുറഞ്ഞ കായൽപ്രദേശങ്ങളിൽ കൂടുമത്സ്യക്കൃഷി യോജ്യമല്ല. അവിടങ്ങളിൽ പെൻകൾചർ അനുവർത്തിക്കാം. കരയോടു ചേർന്ന സ്ഥലങ്ങളാണ് ഇതിനു യോജ്യം, വേലിയിറക്ക സമയങ്ങളിൽ 2 അടിയെങ്കിലും ആഴത്തിൽ ജലമുള്ള സ്ഥലം തിരഞ്ഞെടുക്കാം. 8 മീറ്റർ നീളവും വീതിയും കിട്ടുന്ന രീതിയിൽ വല കെട്ടിത്തിരിക്കുന്നതാവും നല്ലത്. പൊതുജലാശയങ്ങളിലാണെങ്കിൽ കൃഷിക്കു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യം. കരിമീൻ, ചെമ്പല്ലി, വറ്റ തുടങ്ങിയ മത്സ്യങ്ങളാണ് ഈ രീതിയിൽ ഏറ്റവും യോജ്യം.

കൃഷിക്കു ചില മുൻകരുതലുകൾ അനിവാര്യം. ഞണ്ടുകൾ വലകൾ മുറിക്കാനിടയുള്ളതിനാൽ വലകൾ സംരക്ഷിക്കുന്നതിന്, ചുറ്റും 2.5 മി.മീ. കനമുള്ള HDPE നെറ്റ് കൊണ്ടു വേലി തീർക്കണം. പക്ഷികളും മറ്റും മീനുകളെ ആക്രമിക്കാതിരിക്കാൻ മുകൾഭാഗത്തും വല ഇടേണ്ടതാണ്. കാലവർഷത്തിൽ ഒഴുക്ക് കൂടുമ്പോൾ ഒലിച്ചുവരുന്ന മരങ്ങളും മറ്റും പെൻകൃഷി ചെയ്തിട്ടുള്ള സ്ഥലത്ത് അടിയാതിരിക്കാനും നടപടിയെടുക്കണം. മോഷണം തടയുന്നതിനു ക്യാമറകൾ സ്ഥാപിക്കുന്നതും കൊള്ളാം. ഒക്ടോബർ മുതൽ ജൂൺ വരെയുള്ള കാലയളവാണ് പെൻകൃഷിക്ക് ഏറ്റവും ഉചിതം. മഴക്കാലത്ത് മീനുകൾ കൂട്ടത്തോടെ ചത്തിട്ടുള്ള ഇടങ്ങളിൽ പെൻകൃഷി ഒഴിവാക്കുക. ചെയ്യുകയാണെങ്കിൽത്തന്നെ മാർച്ചിൽ വിളവെടുക്കുന്ന വിധമാകണം കൃഷിയിറക്കേണ്ടത്.